"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണവകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി- മുളവുകാട് റോഡ് വികസനം - തണ്ടാശ്ശേരി മുതൽ ബോൾഗാട്ടി ജംഗ്ഷൻ വരെ 1.5 കിലോമീറ്റർ റോഡ് -മൂന്നാം ഘട്ട നിർമ്മാണം - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1626/2023/LSGD തീയതി,തിരുവനന്തപുരം, 09-08-2023

---

പരാമർശം:- 1. 11.04.2023 തീയതിയിലെ സ.ഉ.(സാധാ) നം. 854/2023/തസ്വഭവ

2. ജിഡ സെക്രട്ടറിയുടെ 09.02.2021, 28.02.2023, 20.04.2023 തീയതികളിലെ ജിഡ/241/2020 നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

മുളവുകാട് പഞ്ചായത്തിലെ നിലവിലെ അഞ്ചര കിലോമീറ്റർ നീളമുള്ള റോഡ് വീതി കൂട്ടുന്ന പദ്ധതിയുടെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി നാല് കിലോമീറ്റർ നീളത്തിൽ നിർമാണം പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കിയിട്ടുള്ളതാണ്. ഈ പദ്ധതിയിൽ ഇനി തണ്ടാശ്ശേരി മുതൽ ബോൾഗാട്ടി ജംഗ്ഷൻ വരെ ഒന്നര കിലോമീറ്റർ റോഡ് കൂടിയാണ് നിർമാണം പൂർത്തിയാക്കാനുള്ളത് .

2. മുളവുകാട് റോഡിന്റെ വീതി കൂട്ടുന്ന പദ്ധതിയുടെ മൂന്നാമത്തേയും അവസാനത്തേയുമായ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 1.5 കി.മീ റോഡിന്റെ നിർമാണത്തിനാവശ്യമായ ഭരണാനുമതിയും ധനവിനിയോഗ അനുമതിയും സാങ്കേതികാനുമതിയും ആവശ്യപ്പെട്ടുകൊണ്ടും, മേൽ പ്രവർത്തിയ്ക്ക് കിറ്റ്കൊ-യെ ചുമതലപ്പെടുത്തുന്നതിനുള്ള അനുമതിയ്ക്കായും ജിഡ സെക്രട്ടറി 09.02.2021-ലെ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. പരാമർശം-1 ഉത്തരവിലൂടെ മുളവുകാട് റോഡ് വികസനം -മൂന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്ന് കിറ്റ്കോ-യെ ഒഴിവാക്കി പകരം തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം മുഖേന പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കൻ ജിഡ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

3. മുളവുകാട് റോഡ് വികസനം -മൂന്നാം ഘട്ട നിർമാണ പദ്ധതി തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം മുഖേന നടപ്പാക്കുന്നതിന് ജി.എസ്.റ്റി 18% അടക്കം 3.99 കോടി രൂപയുടെ എസ്റ്റിമേറ്റ് , എസ്റ്റിമേറ്റ് റിപ്പോർട്ട് ഉൾപ്പടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി പരാമർശം 2-ലെ 20.04.2023-തീയതിയായുള്ള കത്ത് പ്രകാരം ജിസിഡിഎ സെക്രട്ടറി സർക്കാരിന് സമർപ്പിച്ചിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മുളവുകാട് റോഡ് വികസനം - മൂന്നാം

ഘട്ട 1.5 കി.മീ റോഡിന്റെ നിർമാണ പദ്ധതിക്ക് *DSOR 2018 with cost index 35.59% (MORD Specification)* അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം മുഖേന നടപ്പാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ജി.എസ്.റ്റി 18% അടക്കം ആകെ 3.99 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- The item of laying of interlock tile 100mm costing Rs. 1,12,11,210/- for 1500 meter (6 m width) @ 1245.69/$^{m2}$ and Realistic assessment of dismantling and re-fixing the CC interlock blocks for 300m length of existing CC interlock should be completed .
- The TS estimate shall be prepared based on the soil report and proper design of road and shall tender only after road acquisition is over.
- The interlock tiles which were already laid at few locations shall be replaced only if found essential and GIDA shall ensure the utility of the dismantled tiles.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 10-08-2023 10:53:20

സെക്രട്ടറി,ഗോശ്രീ ദ്വീപ് വികസന അതോറിറ്റി, കൊച്ചി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(File no.IA3/22/2021-LSGD)